ഹദീസ്

ഡോ. കെ. മുഹമ്മദ്, പാണ്ടിക്കാട്

# ഏറ്റവും പ്രതിഫലാർഹമായ ദാനം

عن أَبِي هريرة  قال: قال رسولُ اللَّه: ”دِينَارٌ أَنْفَقْتَهُ فِي سبيلِ اللَّه، وَدِينَارٌ أَنْفَقْتَهُ فِي رقَبَةٍ، ودِينَارٌ تصدَّقْتَ بِهِ عَلَى مِسْكِينٍ، وَدِينَارٌ أَنْفَقْتَهُ على أَهْلِكَ، أَعْظَمُهَا أَجْرًا الَّذي أَنْفَقْتَهُ علَى أَهْلِكَ“ ( رواه مسلم.)

**അബൂഹുറയ്റ(റ)യിൽനിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) അരുളി: 'അല്ലാഹുവിന്റെ മാർഗത്തിൽ നീ ചെലവഴിച്ച ദീനാർ, അടിമമോചനത്തിനായി നീ ചെലവഴിച്ച ദീനാർ, അഗതികൾക്കായി നീ ദാനം നൽകിയ ദീനാർ, നിന്റെ കുടുംബത്തിനായി ചെലവഴിച്ച ദീനാർ. ഇവയിൽ ഏറ്റവും കൂടുതൽ പ്രതിഫലാർഹമായത് നിന്റെ കുടുംബത്തിനായി നീ ചെലവഴിച്ച ദീനാറാണ്' (മുസ്‌ലിം).**

ഒരാൾ തന്റെ സ്വന്തം കുടുംബത്തിനു വേണ്ടി ചെലവഴിച്ച ഓരോ നാണയത്തിനും പരലോകത്ത് ഏറെ പ്രതിഫലം ലഭിക്കുമെന്നാണ് ഈ ഹദീസിന്റെ പാഠം. പാവങ്ങൾക്കും ദരിദ്രർക്കും അനാഥകൾക്കും നൽകുന്ന ദാനധർമങ്ങളേക്കാൾ പുണ്യമുള്ളതാണിത്.

മറ്റൊരിക്കൽ റസൂലുല്ലാഹി (സ) ഉണർത്തി: 'ഒരാൾ ചെലവഴിക്കുന്ന ദീനാറിൽ കൂടുതൽ മഹത്വമുള്ളത് ഇവക്കാണ്: തന്റെ കുടുംബത്തിന് ചെലവഴിക്കുന്നത്, അല്ലാഹുവിന്റെ മാർഗത്തിലുള്ള തന്റെ മൃഗത്തിന് ചെലവഴിക്കുന്നത്, അല്ലാഹുവിന്റെ മാർഗത്തിലുള്ള തന്റെ കൂട്ടുകാർക്ക് ചെലവഴിക്കുന്നത്' (മുസ്‌ലിം).

ഉമ്മുസലമ (റ) ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, അബൂസലമയുടെ മക്കൾക്ക് ചെലവഴിക്കുന്നതിൽ എനിക്ക് പ്രതിഫലം ലഭിക്കുമോ ? അവരെ ഒന്നുമില്ലാത്തവരായി ഉപേക്ഷിക്കാൻ എനിക്കാവുന്നില്ല. അവരെന്റെയും മക്കളാണല്ലോ?'

റസൂൽ ഇപ്രകാരം മറുപടി പറഞ്ഞു: 'അതേ, അവർക്കായി ചെലവഴിക്കുന്നതിൽ നിനക്ക് പ്രതിഫലമുണ്ട്' (ബുഖാരി, മുസ്‌ലിം).

സഅ്ദുബ്നു അബീവഖാസി(റ)നെ റസൂലുല്ലാഹി (സ) ഉപദേശിച്ചു: 'അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് ചെലവഴിക്കുന്നതിനെല്ലാം നിനക്ക് പ്രതിഫലമുണ്ട്. നിന്റെ ഭാര്യയുടെ വായിൽ വെക്കുന്ന അന്നത്തിനു പോലും' (ബുഖാരി, മുസ്‌ലിം). കുടുംബം പോറ്റാനായി പണിയെടുക്കുന്നവൻ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നവനെപ്പോലെയാണെന്ന് റസൂൽ (സ) പഠിപ്പിക്കുന്നു.

ഒരിക്കൽ നബി(സ)യുടെ അരികിലൂടെ ഒരാൾ കടന്നുപോകുന്നത് സ്വഹാബികൾ കണ്ടു. അരോഗദൃഢഗാത്രനായ അദ്ദേഹത്തെ നോക്കി അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അദ്ദേഹം അല്ലാഹുവിന്റെ മാർഗത്തിലായിരുന്നെങ്കിൽ എത്ര നന്നായിരുന്നു.' റസൂൽ പറഞ്ഞു: 'തന്റെ ചെറിയ കുട്ടികൾക്കു വേണ്ടി അധ്വാനിക്കാനാണ് പുറപ്പെട്ടതെങ്കിൽ അദ്ദേഹം അല്ലാഹുവിന്റെ മാർഗത്തിലാണ്. തന്റെ വൃദ്ധരായ മാതാപിതാക്കൾക്കു വേണ്ടി അധ്വാനിക്കാനാണ് പുറപ്പെട്ടതെങ്കിൽ അദ്ദേഹം അല്ലാഹുവിന്റെ മാർഗത്തിലാണ്. തന്റെ യശസ്സ് ഉയർത്താനാണ് പുറപ്പെട്ടതെങ്കിൽ അദ്ദേഹം അല്ലാഹുവിന്റെ മാർഗത്തിലാണ്. അഹങ്കരിച്ചും പ്രൗഢി പ്രകടിപ്പിച്ചുമാണ് പുറപ്പെട്ടതെങ്കിൽ അദ്ദേഹം പിശാചിന്റെ പാതയിലുമാണ്' (ത്വബറാനി).

കുടുംബത്തിൽ തന്നെ പെൺകുട്ടികളുടെ സംരക്ഷണത്തിന് തിരുദൂതർ പ്രത്യേകം പരിഗണന നൽകിയതായി കാണാം. അനസി(റ)ൽനിന്ന്. നബി (സ) പറഞ്ഞു: 'പ്രായപൂർത്തിയാകുന്നതു വരെ രണ്ട് പെൺകുട്ടികളെ ആരെങ്കിലും പോറ്റി വളർത്തിയാൽ ഞാനും അയാളും നാളെ പരലോകത്ത് ഇപ്രകാരമാണ് വരിക - പ്രവാചകൻ തന്റെ വിരലുകൾ ചേർത്തു പിടിച്ചു' (മുസ്‌ലിം).

നിങ്ങളിൽ ഏറെ ഉത്തമർ തന്റെ കുടുംബത്തോട് നന്നായി പെരുമാറുന്നവനാണെന്നും, തന്റെ ആശ്രിതരുടെ കാര്യങ്ങളിൽ അശ്രദ്ധ കാണിക്കുന്നത് പാപമാണെന്നും നബി (സ) താക്കീത് നൽകിയിട്ടുണ്ട് (ഇബ്നു ഹിബ്ബാൻ). പിശുക്കനായ ഭർത്താവിന്റെ സമ്പത്തിൽനിന്ന് അനിവാര്യ ചെലവുകൾക്കുള്ളത് അയാളുടെ അനുവാദമില്ലാതെ തന്നെ എടുക്കുന്നതിന് റസൂൽ (സ) ഭാര്യക്ക് അനുമതി നൽകുകയുണ്ടായി.

ആഇശ (റ) നിവേദനം ചെയ്യുന്നു. ഉത്ബയുടെ മകൾ ഹിന്ദ് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അബൂസുഫ്‌യാൻ പിശുക്കനാണ്. എനിക്കും എന്റെ കുട്ടിക്കും ആവശ്യമുള്ള പണം അദ്ദേഹം നൽകുന്നില്ല. അയാളറിയാതെ ഞാനെടുക്കുകയാണ് ചെയ്യാറുള്ളത്.' നബി (സ) പറഞ്ഞു: 'നിനക്കും കുട്ടിക്കും ആവശ്യമായത് മിതമായ തോതിൽ നീ എടുക്കുക' (ബുഖാരി).

അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ചാവണം തന്റെ കുടുംബത്തിനു വേണ്ടി പണിയെടുക്കേണ്ടതെന്ന് നബി (സ) പഠിപ്പിക്കുന്നു. നബി (സ) പറഞ്ഞു: 'ഒരാൾ അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ച് തന്റെ കുടുംബത്തിന് എന്തെങ്കിലും ചെലവഴിച്ചാൽ അതൊരു ദാനമായി പരിഗണിക്കും' (ബുഖാരി, മുസ്‌ലിം). ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ എഴുതി: 'ഹലാലിനെ തേടലും കുടുംബത്തിനു വേണ്ടി ചെലവഴിക്കലും മഹത്തായ കാര്യമാണ്. ഒരു പുണ്യവും ഇതിനോട് തുല്യമാവുകയില്ല' (*അൽ ഈമാനുൽ ഔസത്വ്*, പേ. 609).

ഇബ്നുൽ മുബാറക് (റ) ഇപ്രകാരം പറയുന്നു: 'തന്റെ കുടുംബത്തിനു വേണ്ടി സമ്പാദിക്കുന്നതിനോട് മറ്റൊന്നും തുല്യമാവുകയില്ല. അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധമായാൽ പോലും' (*സിയറു അഅ്‌ലാമിന്നുബലാഅ്*, പേജ് 400). ●